'ലീഗൽ എയിഡ് ടു ദി പൂവർ' എന്ന പദ്ധതിയിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ

* 308 [334] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സിവിൽ-ക്രിമിനൽ കേസുകളിൽ പാവപ്പെട്ടവരെ സഹായിക്കാൻ 'ലീഗൽ എയിഡ് ടു ദി പൂവർ എന്ന പദ്ധതിയിലെ തസ്തികകൾ സംസ്ഥാനത്ത് ഒഴിഞ്ഞുകിടക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇതിന് യോഗ്യതയുള്ളവരെ തിരഞ്ഞെടുക്കുന്നതിന് സർക്കാർ സ്വീകരിച്ച മാനദണ്ഡം എന്താണ് ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർ ഈ തസ്തികകളിൽ ഉണ്ട് ?

ഉത്തരം

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) അഭിഭാഷകവൃത്തിയിൽ രണ്ട് കൊല്ലത്തിൽ കുറയാത്ത പരിചയവും അറുപതുവയസ് കവിയാതിരിക്കുകയുമാണ് ഇതിന് യോഗ്യതയുള്ളവരെ തിരഞ്ഞെടുക്കാൻ സർക്കാർ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം.

(സി) സംസ്ഥാനത്ത് ഇപ്പോൾ 116 പേർ ഈ തസ്തികകളിൽ ഉണ്ട്

പിന്നോക്ക ജില്ലയിൽ വിദ്യാലയങ്ങൾ

* 309 [335] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

പിന്നോക്കം കിടക്കുന്ന ജില്ലകളിൽ സർക്കാർ മേഖലയിൽ വിദ്യാലയങ്ങൾ അനുവദിക്കുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

ആവശ്യമായ സ്ഥലവും കെട്ടിടവും മറ്റു സൗകര്യങ്ങളും നൽകുവാൻ തയ്യാറായി സ്കൂൾ സപ്പോർട്ടിംഗ് കമ്മിറ്റികൾ മുന്നോട്ടുവരുന്ന പ്രദേശങ്ങളിൽ സർക്കാർ മേഖലയിൽ സ്കൂളുകൾ തുടങ്ങുന്നതാണ്.

(3) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പൊതുമരാമത്ത് വകുപ്പിലെ സൂപ്രണ്ടിംഗ് എൻജിനിയർമാരുടെ എണ്ണം

1161 [1740] ശ്രീ. എം. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ സൂപ്രണ്ടിംഗ് എൻജിനിയർമാരുടെ എണ്ണം എത്രയാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ചീഫ് എൻജിനിയർ, സൂപ്രണ്ടിംഗ് എൻജിനിയർ എന്നീ തസ്തികകളിൽ എത്രപേർ വീതമുണ്ടായിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly